## പതിനാലാം കേരളനിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1396** **06.02.2020 -ൽ മറുപടിയ്ക്ക്**

### ഗൃഹശ്രീ ഭവന പദ്ധതി

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി :**

(എ) ഗൃഹശ്രീ ഭവന പദ്ധതി മുഖേന 2019-20 വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയ്ക്കായി 2019-20 വർഷത്തിൽ എത്ര കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) 2019-20 വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ മുൻ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചിട്ടുള്ളതിൽ 2019-20 വർഷത്തിൽ പൂർത്തിയാക്കി നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 4 |
| 6 | എറണാകുളം | 1 |
| 7 | തൃശ്ശൂർ | 0 |
| 8 | ഇടുക്കി | 4 |
| 9 | കോഴിക്കോട് | 0 |
| 10 | പാലക്കാട് | 50 |
| 11 | മലപ്പുറം | 3 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 3 |
| | ആകെ | 89 |

(ബി) ഈ പദ്ധതിയ്ക്കായി 2019-20 വർഷത്തിൽ 32.36 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഗൃഹശ്രീ ഭവന പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

അദ്ധ്യക്ഷതയിൽ 19/10/2019-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ, ലൈഫ് മുഖേന ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗൃഹശ്രീ ഭവന പദ്ധതിയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളും ഉൾപ്പെടാൻ സാധ്യതയുണ്ടോ എന്നത് സംബന്ധിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുമായി ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ നിർദ്ദേശം നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ